# THE BIBLE TRUTH

**Editors**

**P.K. VARGHESE** — **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 21** | **June 2007** | **No.3**


## എഡിറ്റോറിയൽ

ലോകത്തിലെ വിദ്യാഭ്യാസത്തിനു പ്രാധാന്യം വരുന്നുണ്ട്. പണ്ട് വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതകൊണ്ട് പലതും നഷ്ടപ്പെട്ടിട്ടുള്ള തലമുറകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ പടിപടിയായി വിദ്യാഭ്യാസത്തിന്റെ ആവശ്യം ആളുകൾ മനസ്സിലാക്കി. അങ്ങനെ ശൈശവ പ്രായം തുടങ്ങി അവരെ ബോധവൽക്കരിക്കാൻ തുടങ്ങി. കുട്ടികളുടെ വിദ്യാഭ്യാസം ആരംഭിക്കുന്നതു സ്വന്ത ഭവനത്തിൽ നിന്നു മാതാപിതാക്കളിൽ നിന്നാണ്. പ്രാരംഭവിജ്ഞാനം കുട്ടികൾക്കു നല്കുന്നതിൽ അവർ ബദ്ധശ്രദ്ധരായിരിക്കണം. ആവശ്യമുള്ളതും ആവശ്യമില്ലാത്തതും, ശരിയും തെറ്റും, എങ്ങനെ പെരുമാറണം എന്നു തുടങ്ങി അനവധി കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കണം. ഇതെല്ലാം അടിസ്ഥാനപരമായി അവരുടെ സ്വഭാവത്തെ മാറ്റി എടുക്കുന്നതിനു ഉപകരിക്കും എന്നോർക്കുക. മാതാപിതാക്കളുടെ സംസാരവും സ്വഭാവവും പ്രവൃത്തികളും, അവർ ഉപദേശിക്കുന്നതുപോലെ തന്നെ ആണോ എന്നു അവർ പരിശോധിക്കണം. അല്ലെങ്കിൽ അതുകൊണ്ടു പ്രയോജനം ഇല്ല. കുട്ടികളുടെ ബുദ്ധി വികസിക്കുന്നതോടൊപ്പം അവർ സമൂഹത്തിലേക്ക് ഇറങ്ങേണ്ടവരാണ്. അപ്പോൾ സമൂഹത്തോടുള്ള അവരുടെ പ്രതിബദ്ധതയും അവരെ പഠിപ്പിക്കണം. എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കളിൽ നിന്നു കിട്ടേണ്ട അറിവു കിട്ടാതെ പോകുന്നുണ്ട്. അത് അവരുടെ ഭാവിയെ ബാധിക്കും എന്നകാര്യത്തിൽ സംശയമില്ല. ഓരോ വ്യക്തിക്കും അവനവന്റെ കടമ എന്തെന്ന് അറിഞ്ഞാൽ അതു ആ വ്യക്തിക്കു

സഹായകരമാകുന്നതോടൊപ്പം ചില പ്രശ്നങ്ങൾ ഒഴിവാകയും ചെയ്യും.

ലോകത്തിൽ മിക്കവാറും രാജ്യങ്ങളിൽ മിഷനറി പ്രവർത്തകർ എവിടെ ചെന്നു പ്രവർത്തിക്കുന്നുവോ അവിടെ അവർ സ്ക്കൂളുകൾ ആരംഭിക്കുന്നു. ആ പ്രായത്തിലാണ് പഠിക്കുവാൻ എളുപ്പം. അവരുടെ മനസ്സിലേക്ക് നാം നല്ല ചിന്തകളും നല്ല പ്രവൃത്തികളും കടത്തിവിട്ടാൽ ദുർച്ചിന്തയും ദുഷ്പ്രവൃത്തികളും കടന്നു ചെല്ലാതിരിക്കും. രണ്ടിന്റേയും ഗുണവും ദോഷവും അവരെ മനസ്സിലാക്കി കൊടുക്കണം. ആദ്യം ആഹാരം കഴിക്കുവാൻ ശീലിപ്പിക്കുന്നു. പിന്നെ നടക്കുവാനും സംസാരിക്കുവാനും എല്ലാം നാം പഠിപ്പിക്കുന്നുണ്ട്. കുട്ടികളുടെ ഉള്ളിൽ അറിയുവാനുള്ള ഒരു ത്വരയുണ്ട്. കാരണം അവർ വരുന്നതു ഒരു പുതിയ ലോകത്തിലേക്കാണ്. അവർക്ക് അറിയാത്ത പല കാര്യങ്ങൾ ഉണ്ട്. അവർക്കു എന്തു തിന്നാം എന്തു തിന്നുകൂടാ എന്നറിഞ്ഞുകൂടാ. അതിനു അവരെ നാം പഠിപ്പിക്കുന്നു. അതുപോലെ തന്നെയാണ് വസ്ത്രം ധരിപ്പിക്കുവാൻ അവരെ പഠിപ്പിക്കുന്നത്. മുന്നറിയിപ്പുകൾ അവർക്കു കൊടുക്കുന്നത് അവർ ആപത്തിൽ ചാടാതിരിക്കുന്നതിനാണ്. ഇതിനെല്ലാം നാം സമയം കണ്ടെത്തുന്നുണ്ട്. കുട്ടികൾ എങ്ങനെയെങ്കിലും വളരട്ടെ എന്നു മാതാപിതാക്കൾ വിചാരിക്കയില്ല. കാരണം നമ്മുടെ കുട്ടികൾ നന്നായി കാണുവാൻ നാം ആഗ്രഹിക്കുന്നു. കാക്കക്കു തൻ കുഞ്ഞ് പൊൻ കുഞ്ഞ് എന്നു പറഞ്ഞു കേട്ടിട്ടുണ്ടല്ലോ. അതുപോലെ നമ്മുടെ കുട്ടികൾ നമുക്കു പ്രിയപ്പെട്ടവരാണ്. കുട്ടികളെ സ്ക്കൂളിൽ ആക്കുമ്പോഴും മാതാപിതാക്കൾക്കു ഉത്തരവാദിത്വമുണ്ട്. വ്യത്യസ്ത സംസ്ക്കാരത്തിലുള്ള കുട്ടികൾ ഒരുമിച്ചു ചേരുകയാണ് സ്ക്കൂളുകളിൽ. അതുകൊണ്ട് ഗുണവും ദോഷവുമുണ്ട്.

കുട്ടികളെ ദൈവിക കാര്യങ്ങൾ പ്രാഥമികമായി പഠിപ്പിക്കണം. തിരുവെഴുത്തുകളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ ഉള്ളതിൽ ഓരോരുത്തരുടേയും സ്വഭാവ മേന്മ എങ്ങനെ വളർത്തിയെടുക്കാം എന്നു പഠിപ്പിക്കണം. ചൊട്ടയിലെ ശീലം ചൊടലവരെ എന്നു പറയുന്നതു. ബാലൻ നടക്കേണ്ടുന്ന വഴി അവനെ ആഭ്യസിപ്പിക്ക അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല എന്ന തിരുവചന സത്യമാണ്. കുട്ടികൾ തെറ്റു ചെയ്താൽ അവരെ ശാസിക്കയും

ശിക്ഷിക്കയും വേണം. ഇല്ലെങ്കിൽ അവർ വഷളാകും. അപ്പൻ ശിക്ഷിക്കാതെ വളർത്തിയ മക്കൾ എവിടെയായാലും അവരുടെ ജീവിതം മോശമായിരിക്കും. കുട്ടികളുടെ സ്വഭാവത്തെ നന്നാക്കിയെടുക്കുവാൻ ഇന്നു വ്യക്തിത്വ വികസന ക്ലാസ്സുകൾ നടത്താറുണ്ട്. അതു നല്ലതാണ്. പക്ഷെ പ്രായോഗിക തലത്തിൽ കുട്ടികളുടെ സ്വഭാവവും വ്യക്തിത്വവും നന്നാക്കുവാൻ അവരെ ദൈവഭയത്തിലും ദൈവഭക്തിയിലും അഭ്യസിപ്പിക്കുകയാണ് വേണ്ടത്. മാതാപിതാക്കളുടെ സത്യസന്ധതയും വിശ്വസ്തതയുമാണ് കുട്ടികൾ കാണേണ്ടത്. മാതൃകാപരമായ ജീവിതം നാം കുട്ടികൾക്കു കാണിച്ചു കൊടുക്കണം. അവർ കേട്ടു മാത്രം പഠിക്കുന്നവരല്ല, കണ്ടും പഠിക്കുന്നവരാണ്. അവർ കാണുന്നതു അവരുടെ മനസ്സിൽ പതിയും. കുട്ടികളെ അയൽ വീട്ടിലാക്കിയിട്ടു ഞായറാഴ്ച മാതാപിതാക്കൾ പള്ളിയിൽ പോയാൽ, ആ കുട്ടികൾ ഭാവിയിൽ ദൈവഭക്തരാകും എന്നു കരുതുന്നുണ്ടോ? അവർ വിനോദപ്രിയരാകും.

ആകയാൽ പ്രിയരേ, കുട്ടികൾ ആണ് ഭാവി തലമുറയുടെ വാഗ്ദാനം. അവരെ ശരിയായി വളർത്തിയെടുക്കണം. ക്രിയാത്മകമായി അവരിലുള്ള കഴിവുകളെ പ്രോത്സാഹിപ്പിക്കയും നിഷേധഭാവങ്ങളെ ത്യജിക്കുവാനും ശീലിപ്പിക്കണം. ദൈവ വചനം പഠിപ്പിച്ചാൽ അവർ മാതാപിതാക്കളെ ബഹുമാനിക്കും, അനുസരിക്കും. അല്ലെങ്കിൽ അവർ മാതാപിതാക്കളെ ധിക്കരിക്കും. അടിസ്ഥാനപരമായി അവരിൽ നല്ല ഗുണങ്ങൾ ഉണ്ടാകേണ്ടതിനു കർത്താവിന്റെ പത്ഥ്യവചനത്തിലും ബാലശിക്ഷയിലും വളർത്തുക. അവർ യുവാക്കളാകുമ്പോൾ ദൈവ വചനം അനുസരിച്ചു വീണ്ടും ജനിച്ചു കർത്താവിനെ സ്നേഹിക്കുന്ന പാത കാണിച്ചു കൊടുക്കണം. അവരുടെ വിശ്വാസവും നീതിപൂർവ്വകവുമായ ജീവിതം കണ്ടു നിങ്ങൾക്കു സന്തോഷിക്കുവാൻ കഴിയും. അല്ലെങ്കിൽ അവരുടെ ജീവിതം കണ്ടു നിങ്ങൾക്കു ദുഃഖിക്കേണ്ടിവരും. അവസരം നമുക്കു ദൈവം തന്നിരിക്കുന്നു. ഉത്തരവാദിത്വത്തോടെ അതു നിർവ്വഹിക്കുവാൻ ദൈവം നമ്മെ എല്ലാവരേയും സഹായിക്കട്ടെ!

## തോടിന്റെ കരകൾ കയ്യേറിയതായി പരാതി

വെസ്റ്റ് നിയോജകമണ്ഡലത്തില അമ്പലത്തറ, പഴഞ്ചിറ, കമലേശ്വരം, മുട്ടത്തറ, ശ്രീവരാഹം വാർഡുകളിലൂടെ കടന്നുപോകുന്ന കരിയൽ തോടിന്റെ ഇരുകരകളും കയ്യേറിയതായി കോൺഗ്രസ് ഐ മണക്കാട് ബ്ലോക്ക് കമ്മിറ്റി ആരോപിച്ചു. മഴക്കാലത്ത് ഇവിടെയുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കാൻ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തോടിനെ പൂർവ സ്ഥിതിയിലാക്കണമെന്നു ഭാരവാഹികളായ എ.മുരളീധരൻ, എ.മാഹീൻ എന്നിവർ ആവശ്യപ്പെട്ടു.

*

## എയ്ഡ്സ് ബാധിതന് അപകടം; ചികിൽസ നിഷേധിച്ചു

വാഹന അപകടത്തിൽപ്പെട്ട എയ്ഡ്സ് ബാധിതന് തലസ്ഥാനത്തെ പ്രമുഖ സ്വകാര്യ ആശുപത്രി ചികിൽസ നിഷേധിച്ചു. തുടർന്ന് മെഡിക്കൽ കോളജ് ആശുപത്രിയിലേക്കും മാറ്റി. എയ്ഡ്സ് ബാധിതനും എച്ച് ഐ വി പോസിററീവ് ഗ്രൂപ്പുകാരുടെ സംഘടനാ നേതാവുമായ അശോക് നായർക്കാണ് ബൈക്ക് അപകടത്തെ തുടർന്ന് എൽഎംഎസ് ജംക്ഷനിൽ വച്ച് കഴിഞ്ഞ രാത്രി പരുക്കേറ്റത്. കാലിനു ഗുരുതരമായ പരുക്ക് കണ്ടതിനെ തുടർന്ന് നാട്ടുകാരാണ് സമീപത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചത്.

*

## ഇറാഖിലെ അക്രമത്തിനു പിന്തുണ അരുതെന്ന് ഇറാനോടു യുഎസ്

ഇറാഖിൽ അന്ത്യമില്ലാതെ നീളുന്ന അക്രമങ്ങൾക്കു നൽകുന്ന പ്രോത്സാഹനം അവസാനിപ്പിക്കണമെന്നു യുഎസ് ഗവൺമെന്റ് ഇറാനോട് ആവശ്യപ്പെട്ടു. ഇറാഖ് പ്രധാനമന്ത്രി നൂറി അൽ മാലിക്കിയുടെ ദേശീയ ഐക്യ സർക്കാരിനെ പിന്തുണയ്ക്കുമെന്ന പ്രഖ്യാപിത നിലപാട് പ്രവൃത്തിയിലൂടെ തെളിയിക്കാനും യുഎസ് നിർദേശിച്ചു.

യുഎസും ഇറാനും 27 വർഷത്തിനു ശേഷം ആദ്യമായി നടത്തിയ ഉന്നതതല നയതന്ത്ര ചർച്ചയിലായിരുന്നു ഈ നിർദേശം. ഇറാഖിലെ ക്രോക്കറും ഇറാൻ അംബാസഡർ ഹസ്സൻ കാസ്മിയും തമ്മിൽ ബഗ്ദാദിലായിരുന്നു ചർച്ച. ജിമ്മി കാർട്ടർ പ്രസിഡന്റായിരിക്കേ 444 ദിവസം നീണ്ട അമേരിക്കൻ ബന്ദി പ്രശ്നത്തിന്റെ പേരിൽ ഇറാനുമായുള്ള നയതന്ത്ര ബന്ധം 1980 യുഎസ് വിച്ഛേദിച്ചിരുന്നതാണ്.

✱

## മികച്ച ബിടെക് പഠനം സൗജന്യമായി

തീർത്തും സൗജന്യമായി മികവേറിയ അന്തരീക്ഷത്തിൽ പഠിച്ച് സായുധസേനയിൽ കമ്മിഷൻഡ് ഓഫിസറാകാൻ പ്ലസ് ടു ജയിച്ച ആൺകുട്ടികൾക്ക് അവസരം. പഠനം മഹാരാഷ്ട്രയിലെ ലോനാവാലയിലുള്ള നേവൽ കോളജ് ഓഫ് എൻജിനീയറിങ്ങിലോ കൊച്ചി സർവകലാശാലയിലോ ആയിരിക്കും. കൊച്ചിയിൽ നേവൽ ആർക്കിടെക്ചറും ലോനാവാലയിൽ മറൈൻ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക് എൻജിനീയറിങ്ങുമാണ് പഠിക്കുക.

✱

## വേമ്പനാട്ടു കായൽ സംരക്ഷണ പദ്ധതി സംസ്ഥാനം തള്ളി

വേമ്പനാട്ടു കായലിൽ പാതിരാമണൽ ഉൾപ്പെടുന്ന മൂന്നു ചതുരശ്ര കിലോമീറ്റർ സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കാനുള്ള വനംവകുപ്പിന്റെ നീക്കം അട്ടിമറിക്കപ്പെട്ടതോടെ സംസ്ഥാനത്തിനു വർഷം തോറും ലഭിക്കേണ്ട ഒരു കോടി രൂപ വീതം പാഴാകും. ഉഷ്ണമേഖലാ തണ്ണീർത്തട വ്യവസ്ഥയുടെ സംരക്ഷണത്തിനായി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം ഒരുകോടി രൂപ വീതം സംസ്ഥാനത്തിനു നൽകാൻ സമ്മതിച്ചിരുന്നു. ഇതു പ്രകാരം വേമ്പനാട്ടു കായൽ സംരക്ഷണത്തിനു പദ്ധതി തയ്യാറാക്കിയപ്പോൾ ആദ്യഗഡുവായി 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

പക്ഷേ, ലോകബാങ്കിന്റെ ജലവിതരണ പദ്ധതിക്കും ടൂറിസം പദ്ധതികൾക്കും ഭീഷണിയാകുമെന്നു പറഞ്ഞ്, മന്ത്രിസഭായോഗത്തിൽ കടുത്ത എതിർപ്പ് ഉയർന്നതോടെ വേമ്പനാട്ടു കായൽ സംരക്ഷണ പദ്ധതികൾ അട്ടിമറിക്കപ്പെട്ടു.

## ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് പ്രവേശനം

വ്യവസായ പരിശീലന വകുപ്പിന്റെ 12 ഐടിഐകളിൽ 13 ട്രേഡുകളിലായി കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക് 230 സീറ്റുകൾ ഒഴിവുണ്ട്.

## അധ്യാപക നിയമനം: ഭേദഗതിക്ക് അംഗീകാരം

കേരള സർവകലാശാലയിലെയും അഫിലിയേറ്റഡ് കോളജുകളിലേയും അധ്യാപക നിയമനത്തിനും കരിയർ അഡ്വാൻസ്മെന്റിനുമുള്ള യുജിസി റഗുലേഷനിലെ ഭേദഗതികൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ചു.

വിദൂര പഠനം വഴിയുള്ള ബിഎ അഫ്സൽ ഉൽ ഉലമ കോഴ്സ് തുടരാൻ അനുമതി നൽകി. എന്നാൽ കോഴ്സ് പാഠ്യപദ്ധതി ഈ ഘട്ടത്തിൽ നവീകരിക്കില്ല.

## ഹോംനഴ്സിങ്: അനധികൃത സ്ഥാപനങ്ങൾക്കെതിരെ നടപടി

ഓൾ കേരള പ്ലേസ്മെന്റ് സർവീസ് അസോസിയേഷൻ സംസ്ഥാന സമ്മേളനം മന്ത്രി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്തു. ഹോംനഴ്സിങ് മേഖലയിൽ പ്രവർത്തിക്കുന്ന അനധികൃത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.

